LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ലയിൽ ജൂനിയർ ലാംഗ്വേജ് ടീച്ചർ തസ്തികയിലേക്കുള്ള നിയമനം

102 [5764] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിലേക്കുള്ള നിയമനത്തിന് പി. എസ്. സി. തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേരെ നിയമിച്ചിട്ടുണ്ട്;

(ബി) ഇപ്പോൾ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(സി) ഈ ഒഴിവുകളിൽ എത്ര എണ്ണം പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിൽ ഇതുവരെയായി 91 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) 28.

(സി, ഡി) 28 ഒഴിവുകളിൽ 2002-2003 വർഷത്തേക്കുള്ള 13 ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവർക്ക് നിയമനം നൽകാനുള്ള നടപടി സ്വീകരിച്ചു വരുന്നു. ശേഷിക്കുന്ന ഒഴിവുകൾ 2003-2004 വർഷത്തേക്കുള്ളതാണ്. ഇതിൽ 65% പി. എസ്. സി. മുഖേനയും 35% അന്തർ ജില്ലാ സ്ഥലമാറ്റം മുഖേനയും, തസ്തിക നിർണ്ണയം പൂർത്തിയായാലുടനെ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

എയ്ഡഡ് ഹയർസെക്കണ്ടറി വിദ്യാഭ്യാസ സ്പെഷ്യൽ റൂൾസ് ഭേദഗതി

103 [5767] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് ഹയർസെക്കണ്ടറി വിദ്യാഭ്യാസ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എന്തെല്ലാം ഭേദഗതികളാണ് നടപ്പിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ;